REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 03-02-2026** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **ഇന്ത്യ- US വ്യാപാര കരാർ വിഷയത്തിൽ ലോക്സഭയിലും രാജ്യസഭയിലും പ്രതിപക്ഷ പ്രതിഷേധം. ലോക്സഭാ നടപടി സ്പീക്കർ ഓം ബിർള ഉച്ചയ്ക്ക് രണ്ട് വരെ നിർത്തിവെച്ചു.**
- **ശബരിമല സ്വർണ്ണക്കൊള്ള കേസിൽ നിയമസഭയിൽ ഇന്നും പ്രതിപക്ഷ ബഹളം. പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.**
- **SIT ക്ക് മേൽ മുഖ്യമന്ത്രിയുടെ ഓഫീസ് അനാവശ്യമായി സമ്മർദ്ദം ചെലുത്തുകയാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ.**
- **തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം പൂർത്തിയാക്കിയ സംസ്ഥാനങ്ങളിൽ രാജ്യത്ത് ഒന്നാം സ്ഥാനത്ത് കേരളമാണെന്ന് മന്ത്രി എം ബി രാജേഷ്.**
- **പ്രശസ്ത സംഗീത സംവിധായകൻ SP വെങ്കിടേഷ് അന്തരിച്ചു.**
- **സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ ഉച്ചയ്ക്ക് രണ്ടിന് കേരളം, അസമിനെ നേരിടും.**

## വാർത്തകൾ വിശദമായി

ഇന്ത്യ- US വ്യാപാര കരാർ വിഷയത്തിൽ ലോക്സഭയിലും രാജ്യസഭയിലും പ്രതിപക്ഷ പ്രതിഷേധം. ലോക്സഭാ നടപടി സ്പീക്കർ ഓം ബിർള ഉച്ചയ്ക്ക് രണ്ട് വരെ നിർത്തിവെച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദി US പ്രസിഡണ്ട് ഡൊണാൾഡ് ട്രംപിന് കീഴടങ്ങിയെന്നാരോപിച്ചാണ് പ്രതിപക്ഷാംഗങ്ങൾ സഭയിൽ പ്രതിഷേധിച്ചത്.

രാവിലെ ലോക്സഭ സമ്മേളിച്ചപ്പോൾ, മുൻ എംപി സുരുപ്സിംഗ് ഹിര്യ നായിക്കിന്റെ നിര്യാണത്തിൽ ലോക്സഭാ സ്പീക്കർ ഓം ബിർള അനുശോചിച്ചു. അന്തരിച്ച നേതാവിനോട് ആദരസൂചകമായി സഭ മൗനം ആചരിച്ചു. ചോദ്യോത്തര വേള ആരംഭിച്ചപ്പോൾ ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ് റായ് CAPF പരിശീലന സ്ഥാപനത്തെക്കുറിച്ച് ചോദ്യത്തിന് മറുപടി നൽകാൻ ശ്രമിച്ചു, പക്ഷേ പ്രതിപക്ഷ ബഹളത്തെത്തുടർന്ന് അദ്ദേഹത്തിന് മറുപടി പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

രാജ്യസഭയിലും സമാന വിഷയത്തിൽ പ്രതിപക്ഷാംഗങ്ങൾ പ്രതിഷേധിച്ചു.

✪✪✪

രാഷ്ട്രപതിയുടെ അഭിസംബോധനയിൽ നന്ദിപ്രമേയ ചർച്ചകൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ ലോക്സഭയിൽ മറുപടി നൽകുമെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു അറിയിച്ചു.

✪✪✪

നിയമസഭയിൽ ഇന്നും പ്രതിപക്ഷ ബഹളം. സഭാ നടപടികൾക്കിടെ ബഹളം തുടർന്ന പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു. രാവിലെ ചോദ്യോത്തര വേള തുടങ്ങിയത് മുതൽ ശബരിമല സ്വർണക്കൊള്ള വിഷയം വീണ്ടും ഉന്നയിച്ചാണ് പ്രതിപക്ഷം ബഹളം ആരംഭിച്ചത് . പ്ലക്കാർഡുകളും മുദ്രാവാക്യം വിളികളുമായി പ്രതിപക്ഷം സഭയുടെ നടുത്തളത്തിലിറങ്ങി പ്രതിഷേധിച്ചു. പ്രതിഷേധത്തിനിടെ അൻവർ സാദത്തും ടി വി ഇബ്രാഹിമും സ്പീക്കറുടെ ഡയസിലേക്ക് കയറാൻ ശ്രമിച്ചു. തുടർന്ന് സ്പീക്കർ ഇരിപ്പിടത്തിൽ നിന്നും എഴുന്നേറ്റുപോയി. പിന്നീട് സഭ രണ്ട് തവണ താൽക്കാലികമായി നിർത്തിവെച്ചു. നടപടികൾ പുനരാരംഭിച്ചെങ്കിലും പ്രതിപക്ഷം ബഹളം തുടരുകയും സഭ ബഹിഷ്കരിക്കുകയുമായിരുന്നു.

ശബരിമല സ്വർണക്കൊള്ള കേസുമായി ബന്ധപ്പെട്ട് എസ് ഐ ടി അന്വേഷണത്തിലെ പ്രശ്നങ്ങൾ ഹൈക്കോടതി ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്ന് പ്രതിപക്ഷനേതാവ് വി ഡി സതീശൻ സഭ ബഹിഷ്കരിക്കുന്നതിന് മുൻപ് പറഞ്ഞു.

പ്രതിപക്ഷ നടപടി അപലപനീയമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ശബരിമല സ്വർണക്കൊള്ളക്കേസുമായി ബന്ധപ്പെട്ട് എസ് ഐ ടി അന്വേഷണം കൃത്യമായി നടക്കുന്നുണ്ടെന്നും അന്വേഷണത്തിൽ ഡിവിഷൻ ബഞ്ച് തൃപ്തരാണെന്ന കാര്യം സിംഗിൾ ബഞ്ചിന് അറിയാമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

✪✪✪

നിയമ സഭയിൽ ബജറ്റിൻമേൽ ചർച്ച പുരോഗമിക്കുന്നു. ഇന്നലെ ആരംഭിച്ച ചർച്ചയിൽ ഇന്ന് 14 പേരാണ് പങ്കെടുക്കുന്നത്.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ള കേസിൽ SIT ക്ക് മേൽ മുഖ്യമന്ത്രിയുടെ ഓഫീസ് അനാവശ്യമായി സമ്മർദ്ദം ചെലുത്തുകയാണെന്നും, കേസ് മന്ദഗതിയിലായെന്നും പ്രതിപക്ഷ നേതാവ് VD സതീശൻ ആരോപിച്ചു. സുപ്രീം കോടതിയും ഹൈക്കോടതിയും ജാമ്യം കൊടുക്കാത്ത പ്രതികൾക്ക് ജാമ്യത്തിന് അവസരം ഉണ്ടാക്കിയത് മുഖ്യമന്ത്രിയുടെ ആവശ്യപ്രകാരം SIT ആണെന്ന് പ്രതിപക്ഷ നേതാവ് നിയമസഭയ്ക്ക് പുറത്തു മാധ്യമങ്ങളോട് പറഞ്ഞു. യഥാർത്ഥ ദ്വാരപാലക ശില്പം വിറ്റ് വ്യാജ ചെമ്പുപാളിയുണ്ടാക്കി സ്വർണ്ണം പൂശാൻ കൊണ്ടുപോയത് കോടതി ശരിവെച്ചതാണെന്നും അദ്ദേഹം പറഞ്ഞു.

സഭയിൽ ബഹളമുണ്ടായാൽ സഭാ നടപടി നിർത്തിവെച്ച് സ്പീക്കർ ഇരുപക്ഷത്തെയും ചർച്ചയ്ക്ക് വിളിക്കാത്തത് മുഖ്യമന്ത്രിയെ ഭയന്നാണെന്നും സതീശൻ ആരോപിച്ചു.

✪✪✪

ശബരിമലസ്വർണക്കൊള്ളയിൽ പ്രതിഷേധിച്ച് നിയമസഭയ്ക്ക് മുന്നിൽ യുവമോർച്ച പ്രവർത്തകരുടെ പ്രതിഷേധം. പൊലീസ് ജലപീരങ്കി പ്രയോഗിച്ചു.

✪✪✪

നിയമ സഭയിൽ ബജറ്റിൻമേൽ ചർച്ച പുരോഗമിക്കുന്നു. ഇന്നലെ ആരംഭിച്ച ചർച്ചയിൽ ഇന്ന് 14 പേരാണ് പങ്കെടുക്കുന്നത്.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ ലെവൽ ക്രോസില്ലാത്ത കേരളം പദ്ധതിയിലൂടെ 99 റെയിൽവെ മേൽപ്പാലങ്ങളും അടിപ്പാതകളും നിർമ്മിക്കാൻ ചുമതല നൽകിയിട്ടുണ്ടെന്ന് മന്ത്രി മുഹമ്മദ് റിയാസിന് വേണ്ടി മന്ത്രി വീണാ ജോർജ് നിയമസഭയിൽ ചോദ്യോത്തരവേളയിൽ പറഞ്ഞു. റെയിൽവേ മേൽപ്പാലങ്ങളുടെ അനുമതി ലഭ്യമാക്കുന്നതിന് കാര്യക്ഷമ ഇടപെടലാണ് പൊതുമരാമത്ത് വകുപ്പ് നടത്തുന്നതെന്നും മന്ത്രി പറഞ്ഞു. നിർമ്മാണ പുരോഗതി വിലയിരുത്താൻ സൈറ്റ് ഇൻസ്പെക്ഷൻ ഉൾപ്പെടെ നടത്തുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 10 മേൽപ്പാല - അടിപ്പാതകളുടെ നിർമ്മാണം പൂർത്തിയാക്കി തുറന്നു കൊടുത്തുവെന്ന് മന്ത്രി വ്യക്തമാക്കി.

✪✪✪

ഇന്ത്യ-യുഎസ് വ്യാപാര കരാർ ഉഭയകക്ഷി സാമ്പത്തിക ബന്ധത്തിലെ നിർണായക ചുവടുവയ്പ്പാണെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. ഇന്ത്യന നിർമ്മിത ഉൽപ്പന്നങ്ങളുടെ തീരുവ 18 ശതമാനമായി കുറയ്ക്കുന്നത് ഇരു രാജ്യങ്ങളും തമ്മിലെ  വളർച്ചയ്ക്കും സഹകരണത്തിനും പുതിയ വഴികൾ തുറക്കുമെന്ന് ഗഡ്കരി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

പ്രധാനമന്ത്രി നരേന്ദ്ര മോദിയെയും US പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെയും അഭിനന്ദിച്ച കേന്ദ്രമന്ത്രി, കരാർ ഇരു രാജ്യങ്ങളുടെയും അഭിവൃദ്ധിക്ക് വേദിയൊരുക്കുകയും ചെയ്യുമെന്നും പറഞ്ഞു.

✪✪✪

ഇന്ത്യ-US വ്യാപാര കരാറിന് NDA പാർലമെന്ററി പാർട്ടി യോഗത്തിൽ എംപിമാർ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ അഭിനന്ദിച്ചു. യുഎസുമായി വ്യാപാര കരാർ ചരിത്രപരമാണെന്നും ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ ഒപ്പിട്ടതിന് തൊട്ടുപിന്നാലെയാണ് ഇത് സംഭവിക്കുന്നതെന്നും യോഗത്തിന് ശേഷം മാധ്യമപ്രവർത്തകരോട് പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു.

✪✪✪

ഇന്ത്യ-US വ്യാപാര കരാറിനെ കോൺഫെഡറേഷൻ ഓഫ് ഓൾ ഇന്ത്യ ട്രേഡേഴ്സ് പ്രശംസിച്ചു. ലോകത്തിലെ ഏറ്റവും വലിയ രണ്ട് ജനാധിപത്യ രാജ്യങ്ങൾ തമ്മിലെ  സാമ്പത്തിക ബന്ധം കൂടുതൽ ആഴത്തിലാക്കുന്ന നാഴികക്കല്ലായി കരാറിനെ  കോൺഫെഡറേഷൻ വിശേഷിപ്പിച്ചു.

✪✪✪

വിദേശകാര്യ മന്ത്രി ഡോക്ടർ S ജയശങ്കറിന്റെ മൂന്നു ദിന അമേരിക്കൻ സന്ദർശനം തുടങ്ങി. സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റോബിയോ അധ്യക്ഷം വഹിക്കുന്ന പ്രധാന ധാതു മന്ത്രി സഭാ യോഗത്തിൽ അദ്ദേഹം പങ്കെടുക്കും.പ്രധാന ധാതു വിഭവങ്ങളുടെ സുസംഘടിതമായ ക്രയവിക്രയങ്ങൾ, സുഗമമായ ഊർജ്ജ കൈമാറ്റം തുടങ്ങിയവ യോഗത്തിൽ പ്രധാന ചർച്ചാ വിഷയങ്ങളായെന്ന്  വിദേശ കാര്യ മന്ത്രാലയം അറിയിച്ചു.

✪✪✪

തൊഴിലുറപ്പ് പദ്ധതിയിൽ  100 ദിവസം പൂർത്തിയാക്കിയവരിൽ രാജ്യത്ത് ഒന്നാം സ്ഥാനത്ത് കേരളമാണെന്ന് മന്ത്രി എം ബി രാജേഷ് അറിയിച്ചു. തൊഴിലുറപ്പ് പദ്ധതിയെ മുന്നോട്ട് നയിക്കാൻ സംസ്ഥാന ഗവണ്മെന്റ് ഫലപ്രദമായ നടപടികൾ  ആരംഭിച്ചതായും മന്ത്രി നിയമസഭയിൽ പറഞ്ഞു. സംസ്ഥാന ബജറ്റിൽ ആയിരം കോടി രൂപ തൊഴിലുറപ്പ് പദ്ധതിക്ക് അധികമായി

നീക്കിവച്ചത് ഇതിന്റെ ഭാഗമാണെന്നും MB രാജേഷ് ചോദ്യോത്തരവേളയിൽ വ്യക്തമാക്കി.

✪✪✪

പ്രശസ്ത സംഗീത സംവിധായകൻ SP വെങ്കിടേഷ് അന്തരിച്ചു. 70 വയസ്സായിരുന്നു. ഹൃദയാഘാതത്തെ തുടർന്ന് ചെന്നൈയിലെ വസതിയിലായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.

വാത്സല്യം, കാബൂളിവാല, കിലുക്കം തുടങ്ങിയ സൂപ്പർ ഹിറ്റ് സിനിമകൾക്ക് സംഗീതമൊരുക്കിയ വെങ്കിടേഷിന് മികച്ച സംഗീത സംവിധാനത്തിന് സംസ്ഥാന ഗവൺമെന്റിന്റെ പുരസ്കാരമടക്കം ലഭിച്ചിട്ടുണ്ട്.

✪✪✪

കണ്ണൂർ പടിയൂർ -കല്യാട് പഞ്ചായത്തിൽ ആരംഭിക്കുന്ന അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ ഒന്നാംഘട്ടം പൂർത്തിയായി. ഈ മാസം 20-ന് മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്രം ഉദ്ഘാടനം ചെയ്യും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ.

........വോയ്സ് ..........

✪✪✪

സന്തോഷ് ട്രോഫി ഫുട്ബോൾ ക്വാർട്ടർ ഫൈനലിൽ ഇന്ന് ഗ്രൂപ്പ് ചാമ്പ്യന്മാരായ കേരളം അസമിനെ നേരിടും. ഉച്ചയ്ക്ക് രണ്ടിന് അസമിലെ സിലാപത്തർ രാജീവ് ഗാന്ധി സ്റ്റേഡിയത്തിലാണ് മത്സരം.

ഗ്രൂപ്പ് B യിലെ അഞ്ച് മത്സരങ്ങളിൽ മൂന്നും ജയിച്ച് 10 പോയിന്റുമായി ഒന്നാം സ്ഥാനക്കാരായാണ് കേരളം അവസാന എട്ടിൽ എത്തിയിരിക്കുന്നത്.

ഇന്ന് മറ്റ് ക്വാർട്ടർ ഫൈനലുകളിൽ റെയിൽവേ രാജസ്ഥാനെയും, തമിഴ്നാട് പഞ്ചാബിനെയും, പശ്ചിബംഗാൾ സർവീസസിനെയും നേരിടും.

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് എലിമിനേറ്ററിൽ ഇന്ന് ഗുജറാത്ത് ജയന്റ്സ് ഡൽഹി ക്യാപിറ്റൽസിനെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് വഡോദരയിലാണ് മത്സരം. ഇന്ന് ജയിക്കുന്ന ടീം വ്യാഴാഴ്ച അവസാന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും.

✪✪✪

പാർട്ടി പുറത്താക്കിയ കുഞ്ഞികൃഷ്ണനെ ഉപയോഗിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയെയോ ഇടതുപക്ഷത്തെയോ തകർക്കാൻ കഴിയില്ലെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. പയ്യന്നൂരിൽ രക്തസാക്ഷി ഫണ്ടിലേക്ക് പിരിച്ച തുക എത്രയെന്ന് പൊതുവേദിയിൽ ജനങ്ങൾക്ക് മനസ്സിലാകുന്ന വിധത്തിൽ അവതരിപ്പിക്കുമെന്നും എം വി ഗോവിന്ദൻ പറഞ്ഞു. LDF ന്റെ വടക്കൻ മേഖല വികസന മുന്നേറ്റ ജാഥയോടനുബന്ധിച്ച് കണ്ണൂർ പഴയങ്ങാടിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

പക്ഷിപനി പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താൻ കേന്ദ്ര സംഘം ആലപ്പുഴയിൽ എത്തി. ഭോപ്പാലിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈ സെക്യൂരിറ്റി ആനിമൽ ഡിസീസിലെ ഉന്നത ഉദ്യോഗസ്ഥരാണ് ജില്ലയിൽ പരിശോധനയ്ക്കായി എത്തിയത്.

കോഴി,താറാവ്,കാട എന്നിവയിൽ പുതുതായി രോഗം സ്ഥിരീകരിച്ചിട്ടില്ലെങ്കിലും കാക്കകളിൽ രോഗ വ്യാപനം തുടരുകയാണ്. തഴക്കരയിൽ കാക്ക ചത്തത് പക്ഷിപനി മൂലമാണെന്ന് സ്ഥിരീകരിച്ചു.

ഒന്നാം ഘട്ടത്തിൽ 28 000 ത്തോളം പക്ഷികളേയും രണ്ടാം ഘട്ടത്തിൽ 13,000 ത്തോളം വളർത്തുപക്ഷികളേയും പ്രതിരോധത്തിന്റെ ഭാഗമായി കൊന്നൊടുക്കി.

✪✪✪

അടുത്ത അധ്യയന വർഷത്തെ കേരള എൻജിനിയറിംഗ്, ഫാർമസി, ആർക്കിടെക്ചർ, മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്ക് നടത്തുന്ന കീം പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഈ മാസം 6 വരെ നീട്ടി. ഇതിനകം സമർപ്പിച്ച അപേക്ഷയിൽ പുതിയ കോഴ്സുകൾ ചേർക്കാൻ പിന്നീട് അവസരമുണ്ടാകും.

വിശദവിവരങ്ങൾ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

✪✪✪

സംസ്ഥാന വനിത വികസന കോർപ്പറേഷൻ സംഘടിപ്പിക്കുന്ന ‘എസ്കലേറ’ വനിതോത്സവത്തിന് ഇന്ന് തിരുവനന്തപുരം കനകക്കുന്നിൽ തുടക്കമാകും. വൈകിട്ട് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യും.

നിശാഗന്ധി ഓഡിറ്റോറിയത്തിൽ ഈ മാസം ഒൻപതു വരെ നടത്തുന്ന പരിപാടിയുടെ ഭാഗമായി പ്രദർശന വിപണനമേള, സംരംഭക പരിശീലന സെഷനുകൾ, കലാപരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കും.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 1,040 രൂപ കുറഞ്ഞു ഒരു ലക്ഷത്തി 11,280 രൂപയായി. 13,910 രൂപയാണ് ഗ്രാമിന്.

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*NRTs: നിമിഷ ജി, മണികണ്ഠൻ*
*DEO: ഷീബ*